പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2387
18.7.2011 - ൽ മറുപടിയ്ക്ക്

ത്രിതല വായ്പാ സഹകരണ സംഘങ്ങൾക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ :
ശ്രീ. എസ്. ശർമ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ.കെ. ജയചന്ദ്രൻ:

ഉത്തരം

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ)	സഹകരണ സ്ഥാപനങ്ങൾ, വായ്പാ കുടിശ്ശിക മുതലിനേക്കാൾ കൂടുതലായ പലിശയോടൊപ്പം ഈടാക്കാൻ പാടില്ലെന്ന മുൻ സർക്കാർ നിലപാട് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;	(എ)	ഉണ്ട്.
(ബി)	ഇത് എത്ര ലക്ഷം രൂപ വരെയുള്ള വായ്പകളുടെ കാര്യത്തിലാണ് ബാധകമാക്കിയിട്ടുള്ളത്;	(ബി)	സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകിയ വായ്പകളിൽ നിഷ്ക്രിയ ആസ്തികളായി / കുടിശ്ശികയായി തുടരുന്ന 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളത്.
(സി)	സംസ്ഥാനത്തെ ത്രിതലത്തിലുള്ള വായ്പാ സഹകരണ സംഘങ്ങൾക്ക് മൊത്തം എത്ര കോടി രൂപ വായ്പാ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?	(സി)	സംസ്ഥാനത്തെ ത്രിതലത്തിലുള്ള വായ്പാ സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ 7346.37 കോടി രൂപ ലഭിക്കേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ